അഴീക്കൽ തുറമുഖത്തിന്റെ വികസനം

* 6 [112] ശ്രീ. കെ. ഇ. ഇസ്മയിൽ:
,, വി. വി. രാഘവൻ:
,, എം. നാരായണൻ (ഹോസ്ദുർഗ്ഗ്): താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ തുറമുഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ തുറമുഖം വികസിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എന്തു തുകയുടെ പദ്ധതികളാണ് ഇതിനുവേണ്ടി തയ്യാറാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എന്തൊക്കെ വികസന പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ വികസന പദ്ധതികൾ പൊതുമേഖലയിലാണോ സഹകാര്യമേഖലയിലാണോ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നതെന്നു വ്യക്തമാക്കുമോ?

സഹകരണ-തുറമുഖ വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഉണ്ട്. ഉദ്ദേശം 2000 കോടി രൂപയുടെ പദ്ധതി.

(ബി) 3000 മീറ്റർ നീളമുള്ള രണ്ട് ബ്രേക്കുവാട്ടറുകളുടെ നിർമ്മാണം, വാർഫുകൾ/ഡോക്കുകൾ ഇവയുടെ നിർമ്മാണം, വളപട്ടണം മുതൽ അഴീക്കൽ തുറമുഖം വരെ 5 കി. മീ ദൈർഘ്യമുള്ള റെയിൽവേ പാതയുടെ നിർമ്മാണം, വെയർ ഹൗസുകൾ, ട്രാൻസിറ്റ് ഷെഡ്ഡുകൾ, അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, ക്രെയിനുകൾ, ടഗ്ഗുകൾ, നാവിഗേഷൻ എയിഡ്സ് തുടങ്ങിയവയാണ് വികസന പദ്ധതികളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) സഹകാര്യമേഖലയിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ നടത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

നെൽ ബോർഡിന്റെ രൂപീകരണം

* 7 [113] ശ്രീ. ബി. രാഘവൻ:
,, ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച കാർഷിക നയത്തിൽ പറയുന്ന നെൽ ബോർഡിന്റെ രൂപീകരണം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത് സംബന്ധിച്ച നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) എന്നത്തേയ്ക്ക് പ്രസ്തുത ബോർഡ് രൂപീകരിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത ബോർഡിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ഇ) ഇതുമൂലം കർഷകർക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly